روضة الخطباء

# റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

## വിശ്വാസിയുടെ അടയാളങ്ങൾ (06)

13/10/2023

sufaraulislam.com

بسم الله الرحمن الرحيم

വിശ്വാസികളുടെ അടയാളങ്ങളായ നാലു കാര്യങ്ങളാണ് ചർച്ച ചെയ്യുന്നത്.

❖ **നാലു കാര്യങ്ങൾ നമ്മിലുണ്ടായാൽ നാം വിശ്വാസിയാണ്.**

| | | |
|---|---|---|
| الأُولَى :العِلْمُ، وَهُوَ :مَعْرِفَةُ اللَّهِ، وَمَعْرِفَةُ نَبِيِّهِ، وَمَعْرِفَةُ دِينِ الإِسْلَامِ بِالأَدِلَّةِ. | | |
| الثَّانِيَةُ: العَمَلُ بِهِ. | الثَّالِثَةُ: الدَّعْوَةُ إِلَيْهِ. | الرَّابِعَةُ: الصَّبْرُ عَلَى الأَذَى فِيهِ. |

1. അറിവ് നേടണം.
2. അറിഞ്ഞത് പ്രവർത്തിക്കണം.
3. വിശ്വസിക്കുന്നതിലേക്കും പ്രവർത്തിക്കുന്നതിലേക്കും മറ്റുള്ളവരെ വിളിക്കണം.
4. **ക്ഷമിക്കണം.**

❖ **ലോകത്ത് ഏറ്റവും കൂടുതൽ പീഢനങ്ങൾ അനുഭവിച്ചവർ അമ്പിയാക്കളാണ്.**

عَنْ مُصْعَبِ بْنِ سَعْدٍ عَنْ أَبِيهِ قَالَ: قُلْتُ يَا رَسُولَ اللَّه، أَيُّ النَّاسِ أَشَدُّ بَلاءً؟ قَالَ: الأَنْبِيَاءُ، ثُمَّ الأَمْثَلُ، فَالأَمْثَلُ، فَيُبْتَلَى الرَّجُلُ عَلَى حَسَبِ دِينِهِ،

1. **ഉർവ്വത്ത്ബനുന്ന സുബൈർ رَضِيَ اللَّهُ عَنْهُ വിൽ നിന്ന് നിവേദനം:**

അദ്ദേഹം പറഞ്ഞു: മുശ്‌രിക്കുകളുടെ ഭാഗത്തുനിന്നും നബിക്ക് ഉണ്ടായ ഏറ്റവും ശക്തമായ മർദനത്തെക്കുറിച്ച് അബ്ദുല്ലാഹിബിനു അംറിനോട് ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു:

عَنْ عُرْوَةَ بْنِ الزُّبَيْرِ، قَالَ سَأَلْتُ عَبْدَ اللَّهِ بْنَ عَمْرٍو عَنْ أَشَدِّ، مَا صَنَعَ الْمُشْرِكُونَ بِرَسُولِ اللَّهِ صلى الله عليه وسلم قَالَ رَأَيْتُ عُقْبَةَ بْنَ أَبِي مُعَيْطٍ جَاءَ إِلَى النَّبِيِّ صلى الله عليه وسلم وَهُوَ يُصَلِّي، فَوَضَعَ رِدَاءَهُ فِي عُنُقِهِ فَخَنَقَهُ بِهِ خَنْقًا شَدِيدًا، فَجَاءَ أَبُو بَكْرٍ حَتَّى دَفَعَهُ عَنْهُ فَقَالَ أَتَقْتُلُونَ رَجُلاً أَنْ يَقُولَ رَبِّيَ اللَّهُ. وَقَدْ جَاءَكُمْ بِالْبَيِّنَاتِ مِنْ رَبِّكُمْ. (بخاري)

നബി ﷺ നമസ്കരിച്ചുകൊണ്ടിരിക്കെ ഉക്'വ്ബത്ബ്'ന അബീമുഈത്വ് അങ്ങോട്ടു വന്നു. അയാൾ തന്റെ മുണ്ട് ഊരിയെടുത്ത് നബി ﷺയുടെ കഴുത്തിൽ ശക്തമായി വലിച്ചുമുറുക്കി. അപ്പോൾ അബൂബക്ർ (റ) വരികയും ഉക്'ബത്തിനെ തള്ളിമാറ്റുകയും ചെയ്തു. എന്നിട്ട് ചോദിച്ചു: 'എന്റെ റബ്ബ് അല്ലാഹുവാണ് എന്ന് പറയുകയും നിങ്ങളുടെ റബ്ബിന്റെ ഭാഗത്തുനിന്നും വ്യക്തമായ തെളിവുകളുമായി വരുകയും ചെയ്ത ഒരു വ്യക്തിയെ നിങ്ങൾ കൊല ചെയ്യുകയാണോ?(ഗാഫിർ)

**2. സൂറത്തു ദ്വുഹയുടെ അവതരണ പശ്ചാത്തലം**

وَالضُّحَىٰ ﴿١﴾ وَاللَّيْلِ إِذَا سَجَىٰ ﴿٢﴾ مَا وَدَّعَكَ رَبُّكَ وَمَا قَلَىٰ ﴿٣﴾ وَلَلْآخِرَةُ خَيْرٌ لَّكَ مِنَ الْأُولَىٰ ﴿٤﴾ وَلَسَوْفَ يُعْطِيكَ رَبُّكَ فَتَرْضَىٰ ﴿٥﴾

- നബി (സ്വ) പ്രബോധന രംഗത്ത് ഇറങ്ങി. അപ്പോൾ ഉണ്ടായ പ്രയാസങ്ങൾ
- കുടുംബം ആട്ടി പുറത്താക്കിയപ്പോൾ എത്ര മാത്രം പ്രയാസപ്പെട്ടിട്ടുണ്ടാകും.

❖ **ബിലാൽ (റ) അനുഭവിച്ച പീഢനങ്ങൾ.**

പീഢനങ്ങളും പ്രയാസങ്ങളും വരുമ്പോൾ ക്ഷമിക്കുന്നവർക്കാണ് സ്വർഗം. അവരെല്ലാം പീഢനങ്ങൾ ഏറ്റുവാങ്ങിയത് മുസ്ലിമായി എന്ന കാരണത്തിലാണ്. ജീവിതത്തിൽ പല തരത്തിലുള്ള പ്രതിസന്ധികളുണ്ടാവും.

**അല്ലാഹു പരീക്ഷിക്കും എന്നാണ് പറഞ്ഞത്.**

وَلَنَبْلُوَنَّكُم بِشَيْءٍ مِّنَ الْخَوْفِ وَالْجُوعِ وَنَقْصٍ مِّنَ الْأَمْوَالِ وَالْأَنفُسِ وَالثَّمَرَاتِ وَبَشِّرِ الصَّابِرِينَ ﴿٢/١٥٥﴾

**വിശ്വാസികൾ പരീക്ഷിക്കപ്പെട്ടു കൊണ്ടിരിക്കും.**

عَنْ أَبِي هُرَيْرَةَ، قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم مَا يَزَالُ الْبَلاَءُ بِالْمُؤْمِنِ وَالْمُؤْمِنَةِ فِي نَفْسِهِ وَوَلَدِهِ وَمَالِهِ حَتَّى يَلْقَى اللَّهَ وَمَا عَلَيْهِ خَطِيئَةٌ

അബൂഹുറൈറ رَضِيَ اللَّهُ عَنْهُ വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: ഒരു പാപവും ഇല്ലാതെ അല്ലാഹുവിനെ കണ്ടുമുട്ടുന്നതുവരെ സമ്പത്തിലും സന്താനങ്ങളിലും സ്വന്തത്തിലും ഓരോ വിശ്വാസിയും വിശ്വാസിനിയും പരീക്ഷിക്കപ്പെട്ടു കൊണ്ടേയിരിക്കും. (തിർമിദി)

**ഉമർ (റ) പറഞ്ഞത്**

عَنْ عُمَرَ قَالَ: إِنَّمَا وَجَدْنَا خَيْرَ عَيشِنَا الصَّبْرَ.

ക്ഷമയിലൂടെയാണ് ഞങ്ങളുടെ ജീവിതത്തിലെ എല്ലാ നൈറുകളും ഞങ്ങൾ കണ്ടെത്തിയത്.

## എന്താണ് ക്ഷമ?

**മനസ്സിനെ അടക്കി നിർത്താനുള്ള കഴിവ് എന്നാണ് ക്ഷമയുടെ നിർവ്വചനം.**

- പറയാനും എഴുതാനും എളുപ്പമുള്ള വാക്കുകളാണ് ക്ഷമ,സഹനം എന്നത്.
- അവ പ്രവൃത്തി പഥത്തിൽ കൊണ്ടുവരാൻ ഏറെ പ്രയാസകരമാണ്.

**സ്വർഗം വെറുതെ ലഭിക്കില്ല**

أَمْ حَسِبْتُمْ أَن تَدْخُلُوا ٱلْجَنَّةَ وَلَمَّا يَعْلَمِ ٱللَّهُ ٱلَّذِينَ جَٰهَدُوا مِنكُمْ وَيَعْلَمَ ٱلصَّٰبِرِينَ (١٤٢/٣)

- **പ്രബോധന രംഗത്ത്, വ്യക്തി ജീവിതത്തിൽ, സാമൂഹ്യ ജീവിതത്തിൽ കുടുംബ ജീവിതത്തിൽ**
- നാം ബന്ധപ്പെടുന്ന മേഖലകളിലും ക്ഷമയോടെ കാര്യങ്ങളെ നേരിടണം.
- **ക്ഷമയെക്കാൾ ഉത്തമമായ മറ്റൊന്നും ഇല്ല**

عَنْ أَبِي هُرَيْرَةَ ، أَنَّهُ سَمِعَ النَّبِيَّ ﷺ يَقُولُ :مَا رُزِقَ عَبْدٌ خَيْرًا لَهُ وَلَا أَوْسَعَ مِنَ الصَّبْرِ

ഒരു അടിമക്ക് ക്ഷമയെക്കാൾ ഉത്തമവും വിശാലവുമായ യാതൊന്നും ലഭിച്ചിട്ടില്ല.

- **സൌഭാഗ്യവാൻ ക്ഷമിക്കുന്നവർ**

وَعَنِ الْمِقْدَادِ بن الْأَسود قَالَ: سَمِعْتُ رَسُولَ اللَّهِ ﷺ يَقُولُ :إِنَّ السَّعِيدَ لَمَنْ جُنِّبَ الْفِتَنَ إِنَّ السَّعِيدَ لَمَنْ جُنِّبَ الْفِتَنَ إِنَّ السَّعِيدَ لَمَنْ جُنِّبَ الْفِتَنَ وَلَمَنِ ابْتُلِيَ فَصَبَرَ فَوَاهًا . (رَوَاهُ أَبُو دَاوُد)

നബി ﷺ പറഞ്ഞു : പരീക്ഷിക്കപ്പെടുകയും അപ്പോൾ ക്ഷമയവലംബിക്കുകയും ചെയ്തവൻ എത്ര നല്ലവനാണ്! (അബൂദാവൂദ്)

## ക്ഷമ നഷ്ടപ്പെടുന്ന കാര്യങ്ങൾ

### الاستعجال

**1. ധൃതി കാണിക്കൽ**

خُلِقَ الْإِنسَانُ مِنْ عَجَلٍ سَأُرِيكُمْ آيَاتِي فَلَا تَسْتَعْجِلُونِ [الأنعام: ٣٧]

- ചില സ്ഥലങ്ങളിൽ, ചില വ്യക്തികളോട്, ചില സമയങ്ങളിൽ അല്പം സാവകാശം കാണിച്ചിരുന്നെങ്കിൽ പിന്നീട് ഖേദമായി തീർന്ന പലതും സംഭവിക്കില്ലായിരുന്നു.
- ഉദാ: വാഹനം ഓവർടേക്ക് ചെയ്യൽ (ഇന്ന് ചില കുടുംബത്തിന്റെ തീരാദുഃഖങ്ങൾക്ക് കാരണം )

**الغضب :**

**2. ദേഷ്യപ്പെടൽ.**

- അനാവശ്യ ദേഷ്യം നിയന്ത്രിച്ചിരുന്നെങ്കിൽ ഇന്ന് പല കുടുംബങ്ങൾക്കിടയിലും ചിത്രതയുണ്ടാകുമായിരുന്നില്ല.
- നമ്മൾ പറഞ്ഞ സമയത്ത് കിട്ടാത്തതിന് ഭാര്യയോട് തട്ടിക്കയറൽ etc.....
- പ്രവാചക വീട്ടിൽ കലമുടഞ്ഞപ്പോൾ ദാമ്പത്യത്തിന് കൂടുതൽ ശക്തി പകരുകയാണ് ഉണ്ടായത് .
- പ്രതികരിച്ചില്ലെങ്കിൽ എന്റെ പ്രസ്റ്റീജിന് കുറവ് വരുമോ എന്ന് തോന്നൽ.
- ഞാൻ പറയുന്നതെല്ലാം അനുസരിക്കണം എന്ന അനാവശ്യ വിചാരം.
- "ഞാൻ നല്ലോണം അങ്ങോട്ട് പറഞ്ഞു " വലിയ സംഭവമായി ചില ആളുകൾ പറയും എന്നാൽ അവൻ മഹാ ബോറനാണ്. അത്തരം സന്ദർഭങ്ങളിൽ പറയലല്ല മിണ്ടാതിരിക്കലാണ് കോളിറ്റി .

فَاصْبِرْ لِحُكْمِ رَبِّكَ وَلَاتَكُن كَصَاحِبِ الْحُوتِ إِذْ نَادَى وَهُوَ مَكْظُومٌ لَوْلَا أَن تَدَارَكَهُ نِعْمَةٌ مِّن رَّبِّهِ لَنُبِذَ بِالْعَرَاءِ وَهُوَ مَذْمُومٌ فَاجْتَبَاهُ رَبُّهُ فَجَعَلَهُ مِنَ الصَّالِحِينَ [القلم: ٤٨ - ٥٠]

**3. സഹിക്കാനാവാത്ത സങ്കടം.**

- സങ്കടം സഹിച്ച് സഹിച്ച് സഹികെടുമ്പോഴാണ് ചിലർ അരുതായ്മകൾ ചെയ്യുന്നത്.

- അല്ലാഹുവിന്റെ വിധിയിൽ വിശ്വാസമില്ലാത്തവനും ബോധമില്ലാത്തവനും സങ്കടം അധികമായാൽ ക്ഷമ നഷ്ടപ്പെടും.
- അപ്പോൾ മതം വിടും, ആത്മഹത്യ ചെയ്യും, അനാവശ്യങ്ങൾ വിളിച്ചു പറയും. etc....

وَاصْبِرْ وَمَا صَبْرُكَ إِلاَّ بِاللهِ وَلاَ تَحْزَنْ عَلَيْهِمْ وَلاَتَكُ فِي ضَيْقٍ مِّمَّا يَمْكُرُونَ [النحل: ١٢٧]

**4. നിരാശ ബാധിക്കുക.**

- എന്താപ്പോ, കുറെ പറഞ്ഞു. കുറെ ചെയ്തു നോക്കി... അതൊന്നും ശരിയാകില്ല. ശൈത്താൻ നിരാശ ഇട്ട് തരും വിശ്വാസി പ്രാർത്ഥന മുറുകെപ്പിടിച്ച് ക്ഷ മയോടെ മുന്നേറും.

وَلَا تَهِنُوا وَلَا تَحْزَنُوا وَأَنْتُمُ الْأَعْلَوْنَ إِنْ كُنْتُمْ مُؤْمِنِينَ [آل عمران: ١٣٩]،

## ❖ എവിടെയെല്ലാം നാം ക്ഷമ അവലംബിക്കണം?

| | |
|---|---|
| وللصبر أنواع ثلاثة: | |
| صبر على طاعة الله عز وجل. | صبر عن معصية الله عز وجل. |
| صبر على أقدار الله المؤلمة. | |

## 1. അല്ലാഹുവിനെ അനുസരിക്കുന്നതിൽ

**ഇബാദത്തുകളിലും സൽകർമ്മങ്ങളിലും ക്ഷമ അനിവാര്യമാണ്.**

رَّبُّ السَّمَاوَاتِ وَالْأَرْضِ وَمَا بَيْنَهُمَا فَاعْبُدْهُ وَاصْطَبِرْ لِعِبَادَتِهِ هَلْ تَعْلَمُ لَهُ سَمِيًّا ﴿١٩/٦٥﴾

**ഉദാഹരണം**

- **ഒരു ദിവസത്തെ അഞ്ചു വഖ്ത്ത് നമസ്കാരം നിർവഹിക്കാൻ ക്ഷമ വേണം.**

وَأْمُرْ أَهْلَكَ بِٱلصَّلَوٰةِ وَٱصْطَبِرْ عَلَيْهَا

- ഖുർആൻ പാരായണം,
- അല്ലാഹുവിനെ ഓർത്ത് ഇരിക്കൽ,
- നമസ്കാരം പ്രതീക്ഷിച്ച് ഇരിക്കൽ,

○ തഹജ്ജുദ് നമസ്കാരം

തുടങ്ങി സകല സൽകർമ്മങ്ങൾക്കും ക്ഷമ അത്യാവശ്യമാണ്.

**ഇമാം ബുഖാരി رحمه الله പറഞ്ഞു:**

قال الإمام البخاري رحمه الله: أَفْضَلُ الْمُسْلِمِينَ رَجُلٌ أَحْيَا سُنَّةً مِنْ سُنَنِ الرَّسُولِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَدْ أُمِيتَتْ، فَاصْبِرُوا يَا أَصْحَابَ السُّنَنِ رَحِمَكُمُ اللَّهُ، فَإِنَّكُمْ أَقَلُّ النَّاسِ..( الجامع الأخلاق الراوي (١/١١٢)

മസ്ലിമീങ്ങളിൽ ഏറ്റവും ശ്രേഷ്ഠൻ അല്ലാഹുവിന്റെ റസൂൽ ﷺ യുടെ നിലച്ചു പോകുന്ന സുന്നത്തുകളിൽ ഒരു സുന്നത്തിനെ ജീവിപ്പിക്കുന്നവനാണ്. സുന്നത്തിന്റെ വക്താക്കളെ, നിങ്ങൾ ക്ഷമിക്കുക, അല്ലാഹു നിങ്ങൾക്ക് കരുണ ചെയ്യട്ടെ! തീർച്ചയായും നിങ്ങൾ ജനങ്ങളിൽ വളരെ കുറവാണ്.

## 2. അല്ലാഹുവിനെ ധിക്കരിക്കുന്നതിൽ നിന്ന് വിട്ട് നിൽക്കാൻ

നന്മകൾ പ്രവർത്തിക്കുന്നതിന് ക്ഷമ ആവശ്യമാണെന്നതുപോലെ തിന്മളിൽ നിന്നും നിഷിദ്ധങ്ങളിൽ നിന്നും വിട്ട് നിൽക്കാനും ക്ഷമ ആവശ്യമാ ണ്.

وَأَمَّا مَنْ خَافَ مَقَامَ رَبِّهِۦ وَنَهَى ٱلنَّفْسَ عَنِ ٱلْهَوَىٰ ﴿٤٠﴾ فَإِنَّ ٱلْجَنَّةَ هِىَ ٱلْمَأْوَىٰ ﴿٤١﴾

**യുസുഫ് നബി (അ) തെറ്റിലേക്ക് പോവാതെ ക്ഷമ അവലംബിച്ചു**

قَالَ رَسُولُ اللَّهِ ـ صلى الله عليه وسلم : ..... وَلَمَنِ ابْتُلِيَ فَصَبَرَ فَوَاهًا

നബി ﷺ പറഞ്ഞു : പരീക്ഷിക്കപ്പെടുകയും അപ്പോൾ ക്ഷമയവലംബിക്കുകയും ചെയ്തവൻ എത്ര നല്ലവനാണ്! (അബൂദാവൂദ്)

**അല്ലാഹു ഇഷ്ടപ്പെടുന്നവരെ പരീക്ഷിക്കും**

عَنْ أَنَسٍ، عَنِ النَّبِيِّ ﷺ، قَالَ: إِنَّ عِظَمَ الْجَزَاءِ مَعَ عِظَمِ الْبَلَاءِ، وَإِنَّ اللَّهَ إِذَا أَحَبَّ قَوْمًا ابْتَلَاهُمْ، فَمَنْ رَضِيَ فَلَهُ الرِّضَا، وَمَنْ سَخِطَ فَلَهُ السَّخَطُ

عَنْ أَبِي هُرَيْرَةَ قَالَ: قَالَ رَسُولُ اللَّهِ ﷺ :مَنْ يُرِدِ اللَّهُ بِهِ خَيْرًا يُصِبْ مِنْهُ . رَوَاهُ الْبُخَارِيّ

**ക്ഷമ വിപത്തിന്റെ പ്രഥമഘട്ടത്തിലാണ് വേണ്ടത്.**

عَنْ أَنَسِ بْنِ مَالِكٍ، قَالَ: قَالَ رَسُولُ اللَّهِ صلى الله عليه وسلم إِنَّمَا الصَّبْرُ عِنْدَ الصَّدْمَةِ الأُولَى

അനസ് ഇബ്നു മാലിക് رَضِيَ اللَّهُ عَنْهُ വിൽ നിവേദനം: നബി ﷺ പറഞ്ഞു : ക്ഷമ വിപത്തിന്റെ പ്രഥമഘട്ടത്തിലാണ്. (ഇബ്നുമാജ:)

عَنْ أَبِي أُمَامَةَ، عَنِ النَّبِيِّ صلى الله عليه وسلم ـ قَالَ: يَقُولُ اللَّهُ سُبْحَانَهُ: ابْنَ آدَمَ إِنْ صَبَرْتَ وَاحْتَسَبْتَ عِنْدَ الصَّدْمَةِ الأُولَى لَمْ أَرْضَ لَكَ ثَوَابًا دُونَ الْجَنَّةِ .

അബൂഉമാമ رَضِيَ اللَّهُ عَنْهُ വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: അല്ലാഹു പറയുന്നു: ആദം സന്തതികളേ, (പ്രയാസങ്ങളും ദുരിതങ്ങളും ബാധിക്കുമ്പോ ൾ) പ്രഥമ ഘട്ടത്തിൽതന്നെ ക്ഷമിക്കുകയാണെങ്കിൽ നിനക്ക് പ്രതിഫലമാ യി സ്വർഗമല്ലാതെ ഞാൻ യാതൊന്നും ഇഷ്ടപ്പെടുന്നില്ല. (ഇബ്നുമാജ)

- **നബി (സ്വ) യുടെ സമീപത്തു വന്ന സഹോദരി..**

حَدَّثَنِي عَطَاءُ بْنُ أَبِي رَبَاحٍ، قَالَ: قَالَ لِي ابْنُ عَبَّاسٍ: أَلاَ أُرِيكَ امْرَأَةً مِنْ أَهْلِ الجَنَّةِ؟ قُلْتُ: بَلَى، قَالَ: هَذِهِ المَرْأَةُ السَّوْدَاءُ، أَتَتِ النَّبِيَّ ﷺ فَقَالَتْ :إِنِّي أُصْرَعُ، وَإِنِّي أَتَكَشَّفُ، فَادْعُ اللَّهَ لِي، قَالَ :إِنْ شِئْتِ صَبَرْتِ وَلَكِ الجَنَّةُ، وَإِنْ شِئْتِ دَعَوْتُ اللَّهَ أَنْ يُعَافِيَكِ فَقَالَتْ: أَصْبِرُ، فَقَالَتْ :إِنِّي أَتَكَشَّفُ، فَادْعُ اللَّهَ لِي أَنْ لاَ أَتَكَشَّفَ،

إِنَّمَا يُوَفَّى الصَّابِرُونَ أَجْرَهُم بِغَيْرِ حِسَابٍ ﴿١٠﴾

**NB: ഫലസ്തീൻ വിഷയം ഖുത്തുബയിൽ സൂചിപ്പിക്കുന്നത് നല്ലതാണ്.**

- പുണ്യം പ്രതീക്ഷിച്ച് പോകാൻ അനുവദാമുള്ള ഒരു സ്ഥലം
- ആദ്യത്തെ ഖിബ്ല  ബൈത്തുൽ മുഖദ്ദസാണ്.
- ജൂതന്മാരുടെ സ്വഭാവവും അവരുടെ ചെയ്തികളും.

---

- റൌദത്തുൽ ഖുത്തബാഇന്റെ നോട്ടിനെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും അറിയിക്കുക.
- ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+91 8594044600) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്തു വാട്സാപ്പ് മെസേജ് അയക്കുക.
- മുമ്പ് തയ്യാറാക്കിയ ഖുത്തുബകൾ ലഭിക്കാൻ http://www.sufaraulislam.com/ എന്ന സൈറ്റ് സന്ദർശിക്കുക.